Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

**സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

147 (5874) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ് വെയർ വിവിധ കമ്പനികളുടേതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ് വെയർ അഥവാ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) മായി നടത്തിയ ചർച്ചയെ തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ**

148 (5875) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകൾക്ക് പൊതുവായ ബാങ്കിംഗ് സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;